**പതിമൂന്നാം കേരള നിയമ സഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 3356 09-04-2013 -ലെ മറുപടിക്ക്

## കേന്ദ്ര സംഘം സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ഡോ.ടി. എം. തോമസ് ഐസക്<br>ശ്രീ.എ. കെ. ബാലൻ<br>ശ്രീ.എം. ചന്ദ്രൻ<br>ശ്രീ.സി. കൃഷ്ണൻ** | | **ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | വരൾച്ചയേയും കുടിവെള്ളക്ഷാമത്തേയും കുറിച്ച് പഠിക്കുവാൻ കഴിഞ്ഞവർഷം കേന്ദ്രസംഘം സന്ദർശിച്ചിരുന്നോ; | എ) | 2012 ഒക്ടോബർ 16 മുതൽ 18 വരെ കേന്ദ്ര സംഘം സന്ദർശിച്ചിരുന്നു. |
| ബി) | കേന്ദ്രസംഘം ഏതെല്ലാം വരൾച്ചബാധിത പ്രദേശങ്ങൾ സന്ദർശിച്ചിരുന്നുവെന്ന് പറയാമോ; | ബി) | വയനാട് ജില്ലയിലെ മുള്ളൻകൊല്ലി, പുൽപ്പള്ളി, ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, മറയൂർ, ഇടുക്കി ഡാം, പത്തനംതിട്ട ജില്ലയിലെ ആനത്തോട് റിസർവോയർ, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട, പറവൂർ, തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം, നഗരൂർ, പുളിമാത്ത്, എന്നീ സ്ഥലങ്ങളാണ് സന്ദശിച്ചത്. |
| സി) | വരൾച്ചയേയും കുടിവെള്ളക്ഷാമത്തെയും കുറിച്ച് അന്ന് സംഘം കേന്ദ്ര സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | സി) | വിശദാംശങ്ങൾ ലഭ്യമല്ല. |
| ഡി) | സംസ്ഥാനത്ത് രൂക്ഷമായ വരൾച്ചയും കുടിവെള്ളക്ഷാമവും നിലനില്ക്കുമ്പോൾ അതിനു വിരുദ്ധമായ റിപ്പോർട്ട് അന്ന് സമർപ്പിക്കുവാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; | ഡി) | ബാധകമല്ല. |
| ഇ) | ഈ വിഷയത്തെക്കുറിച്ച് പഠിക്കാൻ സംസ്ഥാനത്തെത്തിയ കേന്ദ്രസംഘത്തെ വരൾച്ചയുടെയുംകുടിവെള്ള ക്ഷാമത്തിന്റെയും വസ്തുനിഷ്ഠമായ സാഹചര്യം ബോധ്യപ്പെടുത്തി അർഹമായ ധനസഹായം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചോ എന്ന് വ്യക്തമാക്കുമോ? | ഇ) | കേന്ദ്ര സംഘത്തിന് വരൾച്ച ബാധിത പ്രദേശങ്ങൾ സന്ദർശിക്കാൻ വേണ്ട സൗകര്യമൊരുക്കുകയും വരൾച്ചയും കുടിവെള്ളക്ഷാമവും വസ്തുനിഷ്ഠമായി ബോധിപ്പിക്കുന്നതിനാവശ്യമായ മെമ്മോറാണ്ടം 4 ജില്ലകൾക്കായി (1995 കോടി രൂപ) സമർപ്പിക്കുകയുമുണ്ടായി. തുടർന്ന് സംസ്ഥാനമാകെ വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കുകയും |

| | | | |
|---|---|---|---|
| | | | നാശനഷ്ടങ്ങൾ വിലയിരുത്തി 7888.09 കോടി രൂപയുടെ മെമ്മോറാണ്ടം വീണ്ടും സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം വീണ്ടും വരൾച്ചാ ബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും ഉണ്ടായി. |

സെക്ഷൻ ഓഫീസർ